**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 437** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായത്തിൽ ഏതെല്ലാം ഇനത്തിൽ എത്ര കോടി രൂപയുടെ കുറവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ 2022-23 സാമ്പത്തിക വർഷം പ്രതീക്ഷിച്ചിരുന്ന കേന്ദ്ര സഹായം 9217.79 കോടി രൂപയായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ലഭിച്ചത് 4587.79 കോടി രൂപ മാത്രമാണ്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12000 കോടി രൂപയുടെ വരുമാനകുറവാണ് സംസ്ഥാനത്തിനുണ്ടാവുക. 2023-24 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് 8,400 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതികളിൽ 2023-24-ൽ Part1-ന് കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന 1925 കോടിയുടെ വായ്പാ സഹായം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. കൂടാതെ, ഇതേ കാരണമുയർത്തി NHM പദ്ധതിയുടെ കേന്ദ്ര സഹായവും സംസ്ഥാനത്തിന് നാളിതുവരെ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ